നമ്പർ: ജി(1)40332/2005.    സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 27.7.2009.

## സർക്കുലർ നമ്പർ: 37/2009.

വിഷയം: സഹകരണ വകുപ്പ് – വിവരാവകാശ നിയമം 2005 – സഹകരണ സംഘങ്ങൾ പാലിക്കുന്നതും വിശദവിവരങ്ങൾ സമർപ്പിക്കുന്നതും സംബന്ധിച്ച്.

സൂചന:
1. സഹകരണ സംഘം രജിസ്ട്രാറുടെ 11.11.2005 ലെ ജി(1)40332/2005 നമ്പർ ഉത്തരവ്.
2. സഹകരണ സംഘം രജിസ്ട്രാറുടെ 7/2006 നമ്പർ സർക്കുലർ.
3. സഹകരണ സംഘം രജിസ്ട്രാറുടെ 23/2006 നമ്പർ സർക്കുലർ.
4. സഹകരണ സംഘം രജിസ്ട്രാറുടെ 40/2006 നമ്പർ സർക്കുലർ.
5. ഡബ്ലിയു.പി(സി)നമ്പർ.18175/2006 ൻമേലുള്ള ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 3.4.2009 ലെ വിധി.
6. സംസ്ഥാന വിവരാവകാശ കമ്മീഷന്റെ 7.6.2009 ലെ സി.പി. 562/(1) 2009/എസ്.ഐ.സി നമ്പർ ഉത്തരവ്.

വിവരാവകാശ നിയമം 2005 (2005ലെ 22–ാം ആക്ട്) സംസ്ഥാനത്ത് നടപ്പിലാക്കിയതിനെ തുടർന്ന് സഹകരണ വകുപ്പിലെ വിവിധ ഓഫീസുകളിൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/ അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/ അപ്പലേറ്റ് അതോറിറ്റി എന്നിവരെ നിയമിച്ചുകൊണ്ട് സൂചന (1) പ്രകാരം ചുവടെ പരാമർശിക്കുംവിധം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

| ക്ര.നം | ആഫീസിന്റെ പേര് | പബ്ലിക് ഇൻഫർമേഷൻ ആഫീസർ | അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ. |
|---|---|---|---|
| 1 | സഹകരണ സംഘം രജിസ്ട്രാർ ആഫീസ്. | അഡീഷണൽ രജിസ്ട്രാർ (ഐ.സി.ഡി.പി) | ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം). |
| 2 | സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ഓഫീസ് (ജനറൽ), എല്ലാ ജില്ലകളിലും. | ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം). | അസിസ്റ്റന്റ് രജിസ്ട്രാർ (പ്ലാനിംഗ്). |
| 3. | സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ഓഫീസ് (ആഡിറ്റ്), എല്ലാ ജില്ലകളിലും. | ജോയിന്റ് രജിസ്ട്രാർ (ആഡിറ്റ്). | അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്) |
| 4. | സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസ് (ജനറൽ), എല്ലാ സർക്കിൾ തലത്തിലും. | അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) | |
| 5. | സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസ് (ആഡിറ്റ്), എല്ലാ സർക്കിൾ തലത്തിലും. | അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്) | |

അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/ (പബ്ലിക് ഇൻഫർമേഷൻ ആഫീസർ)മാരെ സംബന്ധിച്ച് ജില്ലാ തല അപ്പലേറ്റ് അതോറിറ്റി ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആയിരിക്കുമെന്നും, അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്)/(പബ്ലിക് ഇൻഫർമേഷൻ ആഫീ

സർ)മാരെ സംബന്ധിച്ച് അപ്പലേറ്റ് അതോറിറ്റി ജില്ലാതല ജോയിന്റ് രജിസ്ട്രാർ (ആഡിറ്റ്) ആയിരിക്കുമെന്നും, ജില്ലാതല (ജനറൽ) (ആഡിറ്റ്) വിഭാഗം ജോയിന്റ് രജിസ്ട്രാർ മാരെ സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ പബ്ലിക് ഇൻഫർമേഷൻ ആഫീസർ, അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ എന്നിവരെ സംബന്ധിച്ചും, കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ അപ്പലേറ്റ് അതോരിറ്റി ആയിരിക്കുമെന്നും സൂചന ഒന്നു പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

വിവരാവകാശ നിയമപ്രകാരം അപേക്ഷ സ്വീകരിക്കുന്നതും, മറുപടി നൽകുന്നതും ഇൻഫർമേഷൻ ഓഫീസർമാരുടെ ജോലി നിർവ്വഹണവും ചുമതലയും, ഇപ്രകാരമുള്ള ഫയലുകൾ കൈകാര്യം ചെയ്യുന്നതും സംബന്ധിച്ചും സൂചന 2 പ്രകാരവും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിരുന്നു.

വിവരാവകാശ നിയമത്തിലെ വകുപ്പ് 2 (എച്ച്)(സി)പ്രകാരം സംസ്ഥാന നിയമസഭ പാസാക്കിയ ഏതു നിയമപ്രകാരവും രൂപീകൃതമായ സ്ഥാപനങ്ങളും പബ്ലിക് അതോറിറ്റിയിൽ ഉൾപ്പെടുമെന്നതിനാൽ സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സംഘങ്ങളും പബ്ലിക് അതോറിറ്റി എന്ന നിർവ്വചനത്തിൽ ഉൾപ്പെടുമെന്ന് 5.5.2006 ലെ 3159/പി.എസ്.1/06 സഹ. നമ്പർ കത്തു പ്രകാരം സർക്കാർ അറിയിക്കുകയും അതനുസരിച്ച് ഓരോ സഹകരണ സ്ഥാപനവും പബ്ലിക് ഇൻഫർമേഷൻ/അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരേയും അപ്പലേറ്റ് അതോറിറ്റിയേയും നിയമിക്കുവാൻ സൂചന 3 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. സഹകരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകേണ്ട വിവരങ്ങളെ സംബന്ധിച്ച അപേക്ഷകൾ സഹകരണ വകുപ്പിലെ ഇൻഫർമേഷൻ ഓഫീസർമാർ സ്വീകരിക്കേണ്ടതില്ല. എന്നാൽ അപ്രകാരമുള്ള അപേക്ഷകൾ ലഭിച്ചാൽ ബന്ധപ്പെട്ട സഹകരണ സ്ഥാപനത്തിന് ആവശ്യമായ നിർദ്ദേശം നൽകി വിവരം അപേക്ഷകനെ അറിയിക്കുവാനും, ഇക്കാര്യം ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരുടേയും ശ്രദ്ധയിൽ കൊണ്ടു വരാനും സൂചന 4 പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

മേൽ പരാമർശിച്ചിട്ടുള്ള സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങളുടെ നിയമസാധുതയെ ചോദ്യംചെയ്തുകൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷനുകളിൽ സഹകരണ സംഘങ്ങൾ വിവരാവകാശ നിയമത്തിലെ പബ്ലിക് അതോറിറ്റി എന്ന നിർവ്വചനത്തിൽ ഉൾപ്പെടുമെന്നും ആയതിനാൽ ടി റിട്ട് പെറ്റീഷനുകൾ നിലനിൽക്കത്തക്കതല്ല എന്നു കണ്ട് സൂചന 5 പ്രകാരം തള്ളിയിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങളിലെ ഹെഡാഫീസിലും ഓരോ ശാഖകളിലും പ്രത്യേകം പ്രത്യേകം പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരേയും അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരേയും ഒരു സ്ഥാപനത്തിന് മൊത്തമായി വിവരാവകാശ നിയമം വകുപ്പ് 19(1) പ്രകാരം അപ്പലേറ്റ് അതോരിറ്റിയേയും നിയമിച്ച് ടി വിവരം സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി ഡയറക്ടർ, ഇൻഫർമേഷൻ, പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെന്റ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കുവാൻ സൂചന 4 ൽ പരാമർശിക്കും പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ ചില സഹകരണ സ്ഥാപനങ്ങളിൽ ഹെഡാഫീസിൽ മാത്രമേ പബ്ലിക് ഇൻഫർമേഷൻ/ അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെ നിയമിച്ചിട്ടുള്ളു എന്നും ടി ഓഫീസുകളിൽ ഇൻഫർമേഷൻ ഓഫീസർമാരേയും അപ്പലേറ്റ് അതോരിറ്റിയെയും ഉടൻ നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുവാൻ സൂചന 6 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സംഘങ്ങളിലും ബാങ്കുകളിലും, ജില്ലാ സഹകരണ ബാങ്കുകളിലും, അപ്പക്സ് ഫെഡറേഷനുകളിലും, ഹെഡാഫീസിലും, ശാഖകൾ/റീജിയണൽ/സോണൽ ഓഫീസുകളിലും പ്രത്യേകം പ്രത്യേകം പബ്ലിക് ഇൻഫർമേഷൻ, അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെ നിയമിക്കേണ്ടതാണ്. 28.10.2006 ലെ ജി.ഒ(എം.എസ്)നമ്പർ. 384/2005/പൊ.ഭ.വ. നമ്പർ ഉത്തരവിൽ പരാമർശിക്കുംപ്രകാരം അതാതു സംഘം/ബാങ്ക്/ജില്ലാ സഹകരണ ബാങ്ക്/അപ്പക്സ് ഫെഡറേഷൻ പ്രസിഡന്റ്/ചെയർമാൻ/വകുപ്പ് തലവനെ അപ്പലേറ്റ് അതോറിറ്റിയായും നിയമിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ എല്ലാ സഹകരണ സംഘങ്ങളുടേയും, സ്ഥാപനങ്ങളുടേയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും, പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/ അപ്പലേറ്റ് അതോറിറ്റിയെ നിയമിച്ചുവെന്ന് അതാത് ജോയിന്റ് രജിസ്ട്രാർമാർ ഉറപ്പുവരുത്തി 15 ദിവസത്തിനകം ഇതു സംബന്ധിച്ച പുരോഗതി വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

ഒപ്പ്,
റാണിജോർജ്ജ് ഐ.എ.എസ്,
സഹകരണ സംഘം രജിസ്ട്രാർ.

1. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ, എല്ലാ അപ്പക്സ് സ്ഥാപനങ്ങൾക്കും.
2. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ, എല്ലാ ഫെഡറൽ/ജില്ലാ സ്ഥാപനങ്ങൾക്കും.
3. പ്രസിഡന്റ്/ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും.
4. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)മാർക്കും.
5. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)മാർക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്) മുഖേന).
6. എല്ലാ എല്ലാ പ്രൈമറി സഹകരണ സംഘങ്ങൾക്കും/ ബാങ്കുകൾക്കും. (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന).
7. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
8. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും.
9. ഈ ആഫീസിലെ എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും.
10. എഡിറ്റർ, സഹകരണ ജേർണൽ, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
11. എഡിറ്റർ, സഹകരണ വീഥി.
12. ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
13. സ്റ്റോക്ക് ഫയൽ, സ്പെയർ.

ആജ്ഞാനുസരണം,

Pesasdur

ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)